## മധുരമായ കുട്ടികളേ – സ്പന്ദനരഹിതമായ അവസ്ഥ അഥവാ അശരീരി സ്ഥിതി ഉണ്ടാക്കുന്നതിനുള്ള സമയമാണിത്, ഈ അവസ്ഥയിൽ ഇരിക്കുന്നതിനുള്ള അഭ്യാസം ചെയ്യൂ.

**ചോദ്യം:–** സർവ്വശ്രേഷ്ഠമായ ലക്ഷ്യം ഏതാണ്, ആ ലക്ഷ്യത്തെ എങ്ങനെ പ്രാപ്തമാക്കും?
**ഉത്തരം:–** സമ്പൂർണ്ണമായും സംസ്ക്കാരസമ്പന്നരായി മാറുക, ഇതാണ് സർവ്വശ്രേഷ്ഠ ലക്ഷ്യം. കർമ്മേന്ദ്രിയങ്ങൾ അല്പം പോലും ചഞ്ചലമാകരുത് അപ്പോഴേ സമ്പൂർണ്ണമായും സംസ്ക്കാര സമ്പന്നരായി മാറൂ. എപ്പോൾ ഈ അവസ്ഥ ഉണ്ടാകുന്നുവോ അപ്പോഴേ വിശ്വത്തിന്റെ ചക്രവർത്തീ പദം ലഭിക്കൂ. കയറിയാൽ വൈകുണ്ഠരസം അനുഭവിക്കാം...... എന്ന പാട്ടുമുണ്ട് അർത്ഥം രാജാക്കന്മാരുടേയും രാജാവാകാം, ഇല്ലെങ്കിൽ പ്രജയാകാം. എന്റെ വൃത്തി എങ്ങനെയുള്ളതാണ്? ഒരു തെറ്റും സംഭവിക്കുന്നില്ലല്ലോ? എന്ന് ഇപ്പോൾ പരിശോധിക്കൂ.

**ഓം ശാന്തി**. ആത്മാഭിമാനിയായി ഇരിക്കണം. അച്ഛൻ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഇപ്പോൾ ബാബ ഓൾറൗണ്ടർമാരോട് ചോദിക്കുകയാണ് സത്യയുഗത്തിൽ ആത്മാഭിമാനിയാണോ ഇരിക്കുന്നത് അതോ ദേഹാഭിമാനിയാണോ? അവിടെ സ്വതവേ ആത്മാഭിമാനിയായാണ് ഇരിക്കുന്നത്, മിനിറ്റിന് മിനിറ്റിന് ഓർമ്മിക്കേണ്ട ആവശ്യമില്ല. അവിടെ ഇങ്ങനെ മനസ്സിലാക്കും അതായത് ഇപ്പോൾ ഈ ശരീരത്തിന് പ്രായമായി, ഇപ്പോൾ ഇതിനെ ഉപേക്ഷിച്ച് രണ്ടാമതായി പുതിയത് എടുക്കണം. എങ്ങനെയാണോ സർപ്പത്തിന്റെ ഉദാഹരണം, അതുപോലെ ആത്മാവും പഴയ ശരീരം ഉപേക്ഷിച്ച് പുതിയത് എടുക്കും. ഭഗവാൻ ഉദാഹരണ സഹിതം മനസ്സിലാക്കിത്തരുകയാണ്. നിങ്ങൾ എല്ലാ മനുഷ്യരിലും ജ്ഞാനത്തിന്റെ ഭൂം ഭൂം ചെയ്ത് തനിക്കു സമാനം ജ്ഞാനവാനാക്കി മാറ്റണം. ഇതിലൂടെ പരിസ്ഥാനിലെ നിർവ്വികാരിയായ ദേവതയായി മാറും. ഉയർന്നതിലും ഉയർന്ന പഠിപ്പാണ് മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുക എന്നത്. മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റി....... എന്ന പാട്ടുമുണ്ട് ഇത് ആരാണ് ചെയ്യുന്നത്? ദേവതകളല്ല ചെയ്തത്. ഭഗവാൻ തന്നെയാണ് മനുഷ്യനെ ദേവതയാക്കി മാറ്റുന്നത്. മനുഷ്യർക്ക് ഈ കാര്യങ്ങളൊന്നുമറിയില്ല. നിങ്ങളുടെ ഉദ്ദേശവും ലക്ഷ്യവും എന്താണ്? എന്ന് എല്ലാവരും നിങ്ങളോട് ചോദിക്കും. അതിനാൽ എന്തുകൊണ്ട് ഉദ്ദേശവും ലക്ഷ്യവും എഴുതിയ പത്രിക അച്ചടിച്ചുവെച്ചുകൂട. ആരെങ്കിലും ചോദിക്കുമ്പോൾ അവർക്ക് പത്രിക നൽകിയാൽ അവർ മനസ്സിലാക്കും. ബാബ വളരെ നല്ലരീതിയിൽ മനസ്സിലാക്കിത്തന്നിട്ടുണ്ട്– ഈ സമയത്ത് ഇത് കലിയുഗീ പതിതലോകമാണ് ഇതിൽ അളവില്ലാത്ത ദുഃഖമാണ്. ഇപ്പോൾ നമ്മൾ മനുഷ്യരെ സത്യയുഗീ പാവനലോകത്തിലേയ്ക്ക് അഥവാ അളവില്ലാത്ത സുഖത്തിന്റെ ലോകത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള സേവനം ചെയ്യുകയാണ് അഥവാ വഴി പറഞ്ഞുകൊടുക്കുകയാണ്. ഞങ്ങൾ അദ്വൈത ജ്ഞാനം നൽകുന്നു എന്നല്ല. ലോകർ ശാസ്ത്രത്തിലെ ജ്ഞാനത്തെ അദ്വൈതജ്ഞാനം എന്നാണ് പറയുന്നത്. വാസ്തവത്തിൽ അത് അദ്വൈത ജ്ഞാനമൊന്നുമല്ല. അദ്വൈതജ്ഞാനം എന്ന് എഴുതുന്നതുപോലും തെറ്റാണ്. മനുഷ്യർക്ക് വ്യക്തമായി മനസ്സിലാക്കിക്കൊടുക്കണം, നമ്മുടെ ഉദ്ദേശവും ലക്ഷ്യവും എന്താണ് എന്നത് പെട്ടെന്ന് മനസ്സിലാകുന്ന രീതിയിലുള്ള പത്രികകൾ വേണം അച്ചടിക്കാൻ. കലിയുഗീ പതീത ഭ്രഷ്ടാചാരീ മനുഷ്യരെ നമ്മൾ അതീവ ദുഃഖത്തിൽ നിന്നും രക്ഷിച്ച് സത്യയുഗീ ശ്രേഷ്ടാചാരീ ലോകത്തിലെ അപാരസുഖത്തിലേയ്ക്ക് കൊണ്ടുപോകുന്നു. ബാബ ഈ പ്രബന്ധം കുട്ടികൾക്ക് നൽകുകയാണ്. ഇങ്ങനെ വ്യക്തമായി എഴുതണം. എല്ലായിടത്തും ഇങ്ങനെയുള്ള പത്രികകൾ സൂക്ഷിക്കണം, പെട്ടെന്നുതന്നെ എടുത്തുകൊടുക്കണം എങ്കിൽ മനസ്സിലാക്കും നമ്മൾ ദുഃഖധാമത്തിലാണ്. അഴുക്കിൽ കിടക്കുകയാണ്. നമ്മൾ പതിതമായ കലിയുഗത്തിലെ അഥവാ ദുഃഖധാമത്തിലെ മനുഷ്യരാണ് എന്ന് ഏതെങ്കിലും മനുഷ്യർ മനസ്സിലാക്കുന്നുണ്ടോ. ഇവർ നമ്മെ അപാരസുഖത്തിലേയ്ക്ക് കൊണ്ടുപോകും. അതിനാൽ ഇങ്ങനെയുള്ള വളരെ നല്ല പത്രിക അച്ചടിക്കണം. സത്യയുഗിയാണോ അതോ കലിയുഗിയാണോ എന്ന നോട്ടീസ് ബാബ അച്ചടിപ്പിച്ചില്ലേ അതുപോലെയായിരിക്കണം. പക്ഷേ മനുഷ്യർ മനസ്സിലാക്കുന്നേയില്ല. രത്നങ്ങളെ കല്ലുകളാണെന്നു കരുതി എറിയുന്നു. ഇതാണ് ജ്ഞാനരത്നം. അവർ കരുതുന്നത് ശാസ്ത്രങ്ങളിൽ രത്നമുണ്ട് എന്നാണ്. ഇവിടെ അപാരദുഃഖമാണ് എന്നത് മനസ്സിലാക്കുന്ന രീതിയിൽ വളരെ വ്യക്തമായി നിങ്ങൾ പറഞ്ഞുകൊടുക്കൂ. ദുഃഖത്തിന്റെയും ലിസ്റ്റ് ഉണ്ടാകണം, കുറഞ്ഞത് 101 എണ്ണമെങ്കിലും എന്തായാലും ഉണ്ടാകണം. ഈ ദുഃഖധാമത്തിൽ അപാര ദുഃഖമാണ് എന്നെല്ലാം എഴുതു, മുഴുവൻ ലിസ്റ്റും എടുക്കൂ. മറുഭാഗത്ത് അപാര സുഖമാണ്, അവിടെ ദുഃഖത്തിന്റെ പേരുപോലുമില്ല. നമ്മൾ ആ രാജ്യം അഥവാ സുഖധാമത്തിന്റെ സ്ഥാപന ചെയ്യുകയാണ് എങ്കിൽ പെട്ടെന്ന് മനുഷ്യർ മൗനം പാലിക്കും. ഈ സമയത്ത് ദുഃഖധാമത്തിലാണ് എന്നത്

ആരെങ്കിലും മനസ്സിലാക്കുന്നുണ്ടോ, അവരാണെങ്കിൽ ഇതിനെ സ്വർഗ്ഗം എന്ന് കരുതിയാണ് ഇരിക്കുന്നത്. വലിയ വലിയ കെട്ടിടങ്ങൾ, പുതിയ പുതിയ ക്ഷേത്രങ്ങൾ മുതലായവ നിർമ്മിച്ചുകൊണ്ടിരിക്കുന്നു, ഇതെല്ലാം അവസാനിക്കാനുള്ളതാണ് എന്ന് ആരെങ്കിലും മനസ്സിലാക്കുന്നുണ്ടോ. കൈക്കൂലിയായി അവർക്ക് ഒരു പാട് പണം ലഭിക്കുന്നുണ്ട്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇതെല്ലാം മായയുടേയും സയൻസിന്റേയും അഹങ്കാരമാണ്, മോട്ടറും വിമാനവുമെല്ലാം മായയുടെ പ്രദർശനമാണ്. ഇതും നിയമമാണ്, എപ്പോഴാണോ ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത് അപ്പോൾ മായയും തന്റെ ഷോ കാണിക്കും, ഇതിനെയാണ് മായയുടെ പ്രദർശനം എന്ന് പറയുന്നത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ വിശ്വത്തിൽ ശാന്തിയുടെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. അഥവാ മായ പ്രവേശിച്ചുകഴിഞ്ഞാൽ കുട്ടികളുടെ ഉള്ള് തിന്നുകൊണ്ടിരിക്കും. എപ്പോഴെങ്കിലും ആരെങ്കിലും ആരുടേയെങ്കിലും നാമരൂപത്തിൽ കുടുങ്ങിയാൽ ബാബ പറയും ഇവരുടെ ദൃഷ്ടി ക്രിമിനലാണ്. കലിയുഗത്തിൽ എല്ലാവരും ക്രിമിനലുകളാണ്. സത്യയുഗത്തിൽ എല്ലാവരും സംസ്ക്കാര സമ്പന്നരാണ്. ഈ ദേവതകൾക്കുമുന്നിൽ എല്ലാവരും തല കുമ്പിടുന്നു, അങ്ങ് നിർവ്വികാരിയാണ് ഞങ്ങൾ വികാരികളാണ് എന്ന് പറയും അതുകൊണ്ടാണ് ബാബ പറയുന്നത് ഓരോരുത്തരും അവരവരുടെ അവസ്ഥയെ നോക്കൂ. വലിയ വലിയ മഹാരഥികൾ സ്വയം നോക്കൂ ഞാൻ ആരുടേയും നാമരൂപത്തിലേയ്ക്ക് പോകുന്നില്ലല്ലോ? ഇന്നയാൾ വളരെ നല്ലതാണ്, ഇങ്ങനെ ചെയ്താലോ– ഇത്തരത്തിൽ എന്തെങ്കിലും ഉള്ളിൽ വരുന്നുണ്ടോ? ഇതും ബാബയ്ക്ക് അറിയാം ഈ സമയത്ത് ആരും സമ്പൂർണ്ണമായും സംസ്ക്കാര സമ്പന്നരായി മാറിയിട്ടില്ല. ഈ സമയത്ത് പൂർണ്ണമായും സംസ്ക്കാര സമ്പന്നരായി മാറുന്നത് 8 രത്നങ്ങളാണ് അവരാണ് പാസ് വിത്ത് ഹോണററായി മാറുന്നത്. 108 ലുള്ളവർ പോലും ആയിട്ടില്ല. അല്പം പോലും ചഞ്ചലമാകാൻ പാടില്ല, ഇത് വളരെ ബുദ്ധിമുട്ടാണ്. വിരളം ചിലരേ ഇങ്ങനെയുള്ളു. കണ്ണുകൾ എന്തെങ്കിലും ചതി ചെയ്യുന്നു. അതിനാൽ ഡ്രാമ പെട്ടെന്ന് ആരെയും സംസ്ക്കാര സമ്പന്നരാക്കി മാറ്റില്ല. വളരെ അധികം പുരുഷാർത്ഥം ചെയ്ത് തന്റെ പരിശോധന നടത്തണം– എന്റെ കണ്ണുകൾ ഒരിയ്ക്കലും എന്നെ ചതിക്കുന്നില്ലല്ലോ? വിശ്വത്തിന്റെ അധികാരിയാവുക എന്നത് വളരെ ഉയർന്ന ലക്ഷ്യമാണ്. കയറിയാൽ നുകരാം.... അർത്ഥം രാജാക്കന്മാരുടേയും രാജാവാകാം, വീണുപോയാൽ പ്രജകളിൽ വരും. ഇന്നുകാലത്ത് എല്ലാവരും വികാരികളാണ്. എത്ര വലിയ ആളാണെങ്കിലും ശരി, അഥവാ റാണിയായാലും ശരി അവരുടെ ഉള്ളിലും ഭയമുണ്ടാകും ആരെങ്കിലും എന്നെ വധിക്കുമോ എന്ന്. ഓരോ മനുഷ്യനിലും അശാന്തിയുണ്ട്. ചില കുട്ടികൾ എത്ര അശാന്തിയാണ് പരത്തുന്നത്. നിങ്ങൾ ശാന്തി സ്ഥാപിക്കുകയാണ്, അതിനാൽ ആദ്യം സ്വയം ശാന്തമായിരിക്കു, അപ്പോഴേ മറ്റുള്ളവരിലും ആ ബലം നിറയൂ. അവിടെ വളരെ ശാന്തിയോടെയാണ് രാജ്യം ഭരിക്കുന്നത്. കണ്ണുകൾ സിവിലായിരിക്കും. അതിനാൽ ബാബ പറയുകയാണ് തന്റെ പരിശോധന നടത്തൂ– ഇന്ന് ഞാൻ ആത്മാവിന്റെ വൃത്തി എങ്ങനെയുള്ളതായിരുന്നു? ഇതിൽ വളരെ അധികം പരിശ്രമമുണ്ട്. തന്നിൽ ശ്രദ്ധ വെയ്ക്കണം. പരിധിയില്ലാത്ത ബാബയോടുപോലും ഒരിയ്ക്കലും സത്യം പറയുന്നില്ല. ഓരോ ചുവടിലും തെറ്റുകൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അല്പമെങ്കിലും ക്രിമിനൽ ദൃഷ്ടിയോടെ നോക്കിയെങ്കിൽ, തെറ്റ് സംഭവിച്ചുവെങ്കിൽ, ഉടനെ കുറിച്ചുവെക്കൂ. ഏതുവരെ തെറ്റില്ലാത്തവരായി മാറുന്നില്ലയോ അതുവരെ 10–20 തെറ്റെങ്കിലും ദിവസവും ചെയ്യുന്നുണ്ടാകും. പക്ഷേ സത്യം ആരും പറയുന്നില്ല. ദേഹാഭിമാനം കാരണം എന്തെങ്കിലും തീർച്ചയായും ഉണ്ടാകും. അത് ഉള്ള് തിന്നുകൊണ്ടിരിക്കും. തെറ്റ് എന്ന് എന്തിനേയാണ് പറയുന്നത് എന്നതുപോലും ചിലർ മനസ്സിലാക്കുന്നില്ല. എന്താ മൃഗങ്ങൾ മനസ്സിലാക്കുമോ! നിങ്ങളും ഈ ജ്ഞാനം ലഭിക്കുന്നതിനുമുമ്പ് കുരങ്ങുബുദ്ധികളായിരുന്നു. ഇപ്പോൾ ചിലർ 50 ശതമാനം, ചിലർ 10 ശതമാനം എന്നിങ്ങനെ പരിവർത്തനപ്പെടുന്നു. ഈ കണ്ണുകൾ വളരെ അധികം ചതിക്കുന്നവയാണ്. കണ്ണുകൾ വളരെ തീവ്രതയുള്ളവയാണ്.

ബാബ പറയുന്നു നമ്മൾ ആത്മാക്കൾ അശരീരിയായാണ് വന്നത്. ശരീരം ഉണ്ടായിരുന്നില്ല. എന്താ എപ്പോഴെങ്കിലും നിങ്ങൾക്ക് അറിയുമായിരുന്നോ രണ്ടാമത് ഏത് ശരീരമാണ് എടുക്കുക, ഏത് സംബന്ധത്തിലേയ്ക്കാണ് പോവുക? എന്നെല്ലാം. അറിയില്ലായിരുന്നു. ഗർഭത്തിൽ സ്തംഭനരഹിതമായാണ് ഇരുന്നത്. ആത്മാവ് തീർത്തും നിശ്ചേഷ്ടമായിരിക്കുന്നു. ശരീരം എപ്പോഴാണോ വലുതാകുന്നത് അപ്പോഴേ അറിയാൻ കഴിയൂ. അതിനാൽ നിങ്ങൾക്ക് അങ്ങനെയായി തിരിച്ചുപോകണം. ഈ പഴയ ശരീരം ഉപേക്ഷിച്ച് നമ്മുക്ക് പോകണം അത്രയേയുള്ളു പിന്നീട് ശരീരം എടുക്കുമ്പോൾ സ്വർഗ്ഗത്തിൽ തന്റെ പാർട്ട് അഭിനയിക്കും. ഇപ്പോഴുള്ളത് സ്തംഭനരഹിതമാകുന്നതിനുള്ള സമയമാണ്. തീർച്ചയായും ആത്മാവ് സംസ്ക്കാരം കൊണ്ടുപോകും പക്ഷേ ശരീരം വലുതാകുമ്പോഴാണ് സംസ്ക്കാരം പ്രത്യക്ഷമാകുന്നത്. ഇപ്പോൾ നിങ്ങൾക്ക് വീട്ടിലേയ്ക്ക് പോകണം അതിനാൽ പഴയ ലോകത്തിന്റെ, ഈ ശരീരത്തിന്റെ അഭിമാനത്തെ പറത്തിക്കളയണം. ഒന്നും ഓർമ്മ വരരുത്. വളരെ അധികം പഥ്യം വെയ്ക്കണം. എന്താണോ ഉള്ളിലുള്ളത് അതുത

ന്നെയാണ് പുറത്തുവരിക. ശിവബാബയുടെ ഉള്ളിലും ജ്ഞാനമുണ്ട്, എനിക്കും പാർട്ടുണ്ട്. എന്നെത്ത ന്നെയാണ് ജ്ഞാനസാഗരൻ........ എന്നു പറഞ്ഞ് മഹിമ പാടുന്നത്, അർത്ഥം ഒന്നും അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ അർത്ഥ സഹിതം അറിയുന്നു. ബാക്കി ആത്മാക്കളുടെ ബുദ്ധി കാലണയ്ക്കു വിലയില്ലാത്തതായി ത്തീരുന്നു. ഇപ്പോൾ ബാബ എത്ര ബുദ്ധിവാനാക്കി മാറ്റുന്നു. മനുഷ്യരുടെ കൈയ്യിലാണെങ്കിൽ കോടിക ളുണ്ട്, നൂറുകോടിയുണ്ട്. ഇത് മായയുടെ ഷോയല്ലേ. സയൻസിന്റെ ഉപയോഗമുള്ള എന്തെല്ലാം വസ്തു ക്കളുണ്ടോ അതെല്ലാം അവിടെയും ഉണ്ടാകും. ഇത് ഉണ്ടാക്കുന്നവർ അവിടെയും വരും. രാജാവായി മാറി ല്ല. ഇവർ അവസാന സമയത്ത് നിങ്ങളുടെ അടുത്തേയ്ക്ക് വരും പിന്നീട് മറ്റുള്ളവരേയും പഠിപ്പിക്കും. ഒരു ബാബയിൽ നിന്നും നിങ്ങൾ എത്ര പഠിക്കുന്നു. ഒരേയൊരു ബാബ ലോകത്തെ എന്തിൽ നിന്നും എന്താക്കി മാറ്റുന്നു. കണ്ടുപിടുത്തങ്ങൾ സാധാരണ ഒരാളാണ് ചെയ്യുന്നത് പിന്നീട് അത് എല്ലായിടങ്ങളി ലേയ്ക്കും പരക്കും. ബോംബുണ്ടാക്കിയതും മുമ്പ് ഒരാളായിരുന്നു. ഇതിലൂടെ ലോകത്തിന്റെ വിനാശമു ണ്ടാകും എന്നു മനസ്സിലാക്കി. പിന്നീട് മറ്റുള്ളവരും ഉണ്ടാക്കാൻ തുടങ്ങി. അവിടെയും സയൻസ് വേണമ ല്ലോ. സമയം ബാക്കിയുണ്ട്. പഠിച്ച് സമർത്ഥരായി മാറും. ബാബയുടെ പരിചയം ലഭിച്ചാൽ പിന്നെ സ്വർഗ്ഗ ത്തിൽ ചെന്ന് ജോലിക്കാരായി മാറും. അവിടെയുള്ളതെല്ലാം സുഖത്തിന്റെ കാര്യങ്ങളാണ്. സുഖധാമ ത്തിൽ എന്താണോ ഉണ്ടായിരുന്നത് അത് വീണ്ടും ഉണ്ടാകും. അവിടെ രോഗത്തിന്റേയോ ദുഃഖത്തിന്റേയോ ഒരു കാര്യവുമില്ല. ഇവിടെയാണെങ്കിൽ അളവില്ലാത്ത ദുഃഖമാണ്. അവിടെ അളവില്ലാത്ത സുഖമാണ്. ഇപ്പോൾ നമ്മൾ ഇതിന്റെ സ്ഥാപന ചെയ്യുകയാണ്. ദുഃഖത്തെ ഹരിച്ച് സുഖം നൽകുന്നത് ഒരേ ഒരു ബാബയാണ്. ആദ്യം സ്വയം ഈ അവസ്ഥ ഉണ്ടാക്കണം, കേവലം പാണ്ഢിത്യം മാത്രം പോര. ഇങ്ങനെ ഒരു പണ്ഢി തന്റെ കഥയുണ്ട്, രാമ നാമം ജപിക്കുകയാണെങ്കിൽ അക്കരെയെത്തും എന്നു പറഞ്ഞു.... ഇത് ഈ സമ യത്തെ കാര്യമാണ്. നിങ്ങൾ ബാബയുടെ ഓർമ്മയിലൂടെ വിഷയ സാഗരത്തിൽ നിന്നും ക്ഷീരസാഗരത്തി ലേയ്ക്ക് പോകുന്നു. ഇവിടെ നിങ്ങൾ കുട്ടികളുടെ അവസ്ഥ വളരെ നല്ലതായിരിക്കണം. യോഗബലമില്ല, ദൃഷ്ടി ക്രിമിനലാണ് എങ്കിൽ അവരുടെ വാക്കുകൾക്ക് ലക്ഷ്യത്തിലെത്താൻ സാധിക്കില്ല. ദൃഷ്ടി സിവി ലായിരിക്കണം. ബാബയുടെ ഓർമ്മയിൽ ഇരുന്ന് ആർക്ക് ജ്ഞാനം നൽകിയാലും അമ്പ് തറക്കും. ജ്ഞാന മാകുന്ന വാളിന് യോഗമാകുന്ന മൂർച്ചവേണം. ജ്ഞാനത്തിലൂടെ ധനത്തിന്റെ സമ്പാദ്യമുണ്ടാകുന്നു. ശക്തി ഓർമ്മയുടേതാണ്. വളരെ അധികം കുട്ടികളുണ്ട് ഇങ്ങനെയുമുണ്ട് അവർ തീരെ ഓർമ്മിക്കുന്നില്ല, അറിയു ന്നേയില്ല. ബാബ പറയുന്നു മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കണം ഇത് ദുഃഖധാമമാണ്, സത്യയുഗ മാണ് സുഖധാമം. കലിയുഗത്തിൽ സുഖത്തിന്റെ പേരുപോലുമില്ല. അഥവാ ഉണ്ടെങ്കിലും അത് കാകവൃ ഷ്ടസമാനമാണ്. സത്യയുഗത്തിലാണെങ്കിൽ അളവറ്റ സുഖമാണ്. മനുഷ്യർ അർത്ഥമൊന്നും മനസ്സിലാ ക്കുന്നില്ല. മുക്തിയ്ക്കുവേണ്ടിയാണ് തലയിട്ട് ഉടയ്ക്കുന്നത്. ജീവന്മുക്തിയുടെ കാര്യം ആർക്കും അറിയി ല്ല. പിന്നെ എങ്ങിനെ ജ്ഞാനം നൽകാൻ കഴിയും. അവർ വരുന്നതുതന്നെ രജോപ്രധാന സമയത്താണ് പിന്നെ എങ്ങിനെ അവർ രാജയോഗം പഠിപ്പിക്കും. ഇവിടെയുള്ള സുഖം കാക്കകാഷ്ഠത്തിന് സമാനമാ ണ്. രാജയോഗത്തിലൂടെ എന്താണ് സംഭവിച്ചത്– ഇതും അറിയില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇതും ഡ്രാമ അനുസരിച്ച് നടക്കുന്നതാണ്. പത്രങ്ങളിലും നിങ്ങളെ നിന്ദിച്ച് എഴുതും, ഇത് സംഭവിക്കുകതന്നെ വേണം. അബലകൾക്കുമേലെ വ്യത്യസ്ത തരത്തിലുള്ള പഴിചാരലുകൾ ഉണ്ടാകും. ലോകത്തിൽ അനേക തരത്തിലുള്ള ദുഃഖങ്ങളുണ്ട്. ഇപ്പോൾ അല്പമെങ്കിലും സുഖമുണ്ടോ. എത്ര വലിയ ധനവാനുമാകട്ടെ, അസുഖം വന്നു, അന്ധനായി മാറി, എങ്കിൽ ദുഃഖമുണ്ടാകുമല്ലോ. ദുഃഖത്തിന്റെ ലിസ്റ്റിൽ എല്ലാം എഴുതു. രാവണരാജ്യത്തിൽ കലിയുഗത്തിന്റെ അന്ത്യത്തിൽ ഈ കാര്യങ്ങളാണുള്ളത്. സത്യയുഗത്തിൽ ദുഃഖിപ്പി ക്കുന്ന ഒരു കാര്യം പോലും ഉണ്ടാകില്ല. സത്യയുഗം വന്നുപോയല്ലോ. ഇപ്പോഴുള്ളത് സംഗമയുഗമാണ്. ബാബയും വരുന്നത് സംഗമയുഗത്തിലാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം 5000 വർഷങ്ങൾക്കുള്ളിൽ നമ്മൾ ഏതെല്ലാം ജന്മങ്ങൾ എടുക്കുന്നു. എങ്ങനെയാണ് സുഖത്തിൽ നിന്നും ദുഃഖത്തിലേയ്ക്ക് വരുന്ന ത്. ആരുടെ ബുദ്ധിയിലാണോ മുഴുവൻ ജ്ഞാനവുമുള്ളത്, ധാരണയുള്ളത് അവർക്ക് മനസ്സിലാക്കാൻ സാധിക്കും. ബാബ നിങ്ങൾ കുട്ടികളുടെ സഞ്ചി നിറക്കുകയാണ്. ധനം നൽകാതെ ധനം വർദ്ധിക്കില്ല– എന്ന് പാടാറുണ്ട്. ധനം ദാനം നൽകുന്നില്ലാ എങ്കിൽ അതിന് അർത്ഥം അവരുടെ പക്കൽ ധനം ഇല്ല എന്ന താണ്. എങ്കിൽ പിന്നെ ലഭിക്കുകയുമില്ല. കണക്കുണ്ടല്ലോ! നൽകുന്നേയില്ല എങ്കിൽ പിന്നെ എവിടെ നിന്നു ലഭിക്കും. എങ്ങനെ വൃദ്ധിയുണ്ടാകും. ഇതെല്ലാം അവിനാശിയായ ജ്ഞാനരത്നങ്ങളാണ്. എല്ലാകാര്യത്തിലും നമ്പർവൈസ് ആയിരിക്കുമല്ലോ. ഇതും നിങ്ങളുടെ ആത്മീയ സേനയാണ്. ചില ആത്മാക്കൾ ചെന്ന് ഉയർന്ന പദവി നേടും ചില ആത്മാക്കൾ ചെന്ന് പ്രജയുടെ പദവി നേടും. എങ്ങനെയാണോ കല്പം മുമ്പ് നേടിയത് അതുപോലെ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമ സ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്നിൽ ശ്രദ്ധ വെയ്ക്കുന്നതിനായി ഓരോ ചുവടിലും പരിശോധിക്കണം - 1. ഇന്ന് ആത്മാവായ എന്റെ വൃത്തി എങ്ങനെയുള്ളതായിരുന്നു? 2. കണ്ണുകൾ സിവിലായിരുന്നുവോ? 3. ദേഹാഭിമാനത്തിന് വശപ്പെട്ട് എന്ത് പാപമാണ് ഉണ്ടായത്?

2) ബുദ്ധിയിൽ അവിനാശിയായ ജ്ഞാനധനത്തെ ധാരണചെയ്ത് പിന്നീട് ദാനം നൽകണം. ജ്ഞാനമാകുന്ന വാളിന്റെ മൂർച്ച ഓർമ്മയാണ് അതിനെ തീർച്ചയായും വർദ്ധിപ്പിക്കണം.

## വരദാനം:- സത്യതയുടെ ശക്തിയെ ധാരണ ചെയ്ത് സർവ്വരെയും ആകർഷിക്കുന്ന നിർഭയരും വിജയിയുമായി ഭവിക്കൂ

താങ്കൾ കുട്ടികൾ സത്യതയുടെ ശക്തിശാലി ശ്രേഷ്ഠ ആത്മാക്കളാണ്. സത്യ ജ്ഞാനം, സത്യമായ ബാബ, സത്യമായ പ്രാപ്തി, സത്യമായ ഓർമ്മ, സത്യമായ ഗുണം, സത്യമായ ശക്തികൾ എല്ലാം പ്രാപ്തമാണ്. ഇത്രയും വലിയ അധികാരത്തിന്റെ ലഹരി ഉണ്ടായിരിക്കുകയാണെങ്കിൽ ഈ സത്യതയുടെ അധികാരം ഓരോ ആത്മാവിനേയും ആകർഷിച്ചുകൊണ്ടിരിക്കും. അസത്യഖണ്ഢത്തിലും ഇങ്ങനെ സത്യതയുടെ ശക്തിയുള്ളവർ വിജയിയാകുന്നു. സത്യതയുടെ പ്രാപ്തി സന്തോഷവും നിർഭയതയുമാണ്. സത്യം പറയുന്നവർ നിർഭയമായിരിക്കും. അവർക്കൊരിക്കലും ഭയമുണ്ടായിരിക്കില്ല.

## സ്ലോഗൻ:- വായുമണ്ഢലത്തെ പരിവർത്തനപ്പെടുത്തുന്നതിന്റെ സാധനയാണ് - പോസിറ്റീവായ സങ്കൽപവും ശക്തിശാലിയായ മനോഭാവവും.